# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: ***117**

11.07.2016-ൽ മറുപടിക്ക്

## ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാജൻ<br>,, ആർ. രാമചന്ദ്രൻ<br>,, വി. ആർ. സുനിൽ കുമാർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനു കീഴിൽ ഇപ്പോൾ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>1. സാഫല്യം ഭവന പദ്ധതി.<br>2. ഗൃഹശ്രീ ഭവന പദ്ധതി.<br>3. ഇന്നവേറ്റീവ് ഭവന പദ്ധതി.<br>4. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി.<br>5. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ. |
| (ബി) | പുതിയ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്.<br>ഭൂരഹിതരായ ബി.പി.എൽ വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന 'എല്ലാവർക്കും വീട്' പദ്ധതിയുടെ ആദ്യ ഘട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ വിഭാഗക്കാർക്ക് 60 ച.മീ വിസ്തീർണ്ണമുള്ള 7000 വീടുകൾ നിർമ്മിയ്ക്കുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

(സി) ഭവനനിർമ്മാണ ബോർഡ് ഇപ്പോൾ ഭവനവായ്പകൾ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിയ്ക്കുമോ;

(സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ ഭവന വായ്പാ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിവരുന്നില്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 1977 മുതൽ ദുർബ്ബല/താഴ്ന്ന/ഇടത്തരം/ ഉയർന്ന വിഭാഗക്കാർക്കായി വിവിധ വായ്പാ സ്കീമുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവന്നിരുന്നു. ഹഡ്കോ, ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, ബാങ്കുകൾ തുടങ്ങി നിരവധി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയായി ധന സമാഹരണം നടത്തിയാണ് ബോർഡ് വായ്പാ പദ്ധതികൾ നടപ്പിലാക്കിവന്നിരുന്നത്. ബോർഡിന്റെ വിവിധ വായ്പാ പദ്ധതികളിലെ ഗുണഭോക്താക്കൾ തിരിച്ചടവിൽ ഗുരുതരമായ വീഴ്ച വരുത്തിയതുമൂലം വിവിധ പദ്ധതികളിൽ നിന്നും ഏകദേശം 135 കോടി രൂപയോളം പിരിഞ്ഞു കിട്ടാനുണ്ടായിരുന്നു. ബോർഡിന്റെ മൊത്തം ഗുണഭോക്താക്കളിൽ 90 ശതമാനത്തോളം പേരും സാമ്പത്തിക തകർച്ച മൂലവും, രോഗികളും അശരണരുമാണെന്ന് കാണിച്ച് തിരിച്ചടവിൽ വീഴ്ചവരുത്തുകയുണ്ടായി. തിരിച്ചടവു കാലാവധി കഴിഞ്ഞ സ്കീമുളിലേതുൾപ്പെടെയുള്ള നിരവധിപേർ ബോർഡിലേയ്ക്ക് ഒടുക്കുവാനുള്ള തുക യഥാസമയം അടയ്ക്കാത്തതുമൂലം ബോർഡിന്റെ സാമ്പത്തിക ഭദ്രത ഇല്ലാതായി. തൻമൂലം ബോർഡിന് ധനകാര്യ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരിച്ചടവ് യഥാസമയം നടത്താൻ കഴിയാതാവുകയും ഹഡ്കോയ്ക്ക് വളരെ വലിയ തുക ബാദ്ധ്യതയാവുകയും ചെയ്തു. വായ്പാ പദ്ധതികൾ നടപ്പിൽ വരുത്താൻ ബോർഡ് ആശ്രയിച്ചുപോന്നിരുന്ന ധനകാര്യ സ്ഥാപനങ്ങളായ ഹഡ്കോയും, ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെയും പോലുള്ള സ്ഥാപനങ്ങൾ വായ്പ നൽകാൻ തയ്യാറാകാത്തതുമൂലം ബോർഡിന് പുതിയ വായ്പാ പദ്ധതികൾ നടപ്പിൽ വരുത്താൻ സാധിച്ചില്ല.

| | |
|---|---|
| (ഡി) ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്നും ആയത് പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കാനാണുദ്ദേശിയ്ക്കുന്നതെന്നും വ്യക്തമാക്കുമോ? | (ഡി) 30.6.2016 ലെ കണക്കുപ്രകാരം ഏകദേശം 217 കോടി രൂപ വായ്പായിനത്തിലും 18 കോടി രൂപ വാടകയിനത്തിലും 3.97 കോടി രൂപ എസ്റ്റേറ്റ് ഇനത്തിലും അടക്കം ആകെ 238.97 കോടി രൂപയാണ് ബോർഡിന് പിരിഞ്ഞു കിട്ടാനുള്ളത്. ടി തുക പിരിച്ചെടുക്കുന്നതിന് ബോർഡ് റവന്യൂ റിക്കവറി നടപടികൾ/എവിക്ഷൻ നടപടികൾ എന്നിവ സ്വീകരിക്കുന്നതോടൊപ്പം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവയിലൂടെ ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ